## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2088 — 10/10/2011-ൽ മറുപടിയ്ക്ക്

### അവശ്യ മരുന്നുകൾ ലഭ്യമാക്കാൻ നടപടി

ചോദ്യം — മറുപടി

ശ്രീ ബാബു. എം. പാലിശ്ശേരി:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹീമോഫീലിയ-കാൻസർ എന്നീ അസുഖങ്ങൾക്കുള്ള മരുന്നുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമല്ലാത്തതു കാരണം ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഹീമോഫീലിയ കാൻസർ എന്നീ അസുഖങ്ങൾക്കുള്ള അത്യാവശ്യ മരുന്നുകൾ ലഭ്യമാണ് |
| (സി) | കാൻസർ പോലുള്ള അസുഖങ്ങൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ അടിയന്തിര പ്രാധാന്യത്തോടെ മരുന്ന് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി എല്ലാ അത്യാവശ്യ മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമല്ലാത്തതും എന്നാൽ കാൻസർ ചികിത്സക്കും മറ്റും അത്യാവശ്യമുള്ളതുമായ ചിലമരുന്നുകൾ ലോക്കൽ പർച്ചേസ് വഴി വാങ്ങി ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും ട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ